മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# അവിനാശിലിംഗം യൂണിവേഴ്സിറ്റി ബോട്ടണി അസോ. ഉദ്ഘാടനം

**കോയമ്പത്തൂർ** ▸ അവിനാശിലിംഗം യൂണിവേഴ്സിറ്റിയിലെ ബോട്ടണി അസോസിയേഷൻ ഉദ്ഘാടനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീസിങ്ങിലെ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കണ്ണൻ വാര്യർ ഉദ്ഘാടനം ചെയ്തു.വിശുദ്ധവനങ്ങളുടെ അതുല്യപ്രാധാന്യം, കാവുകളിലെ ജൈവവൈവിധ്യപഠനം, അതത് പ്രദേശത്തെ വനവത്കരണപരിപാടികളെ എങ്ങനെ സഹായിക്കാം എന്നീ കാര്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

ഡീൻ എ. വിജയലക്ഷ്മി അധ്യക്ഷയായി. ഡോ. എം.കെ. നിഷ, എസ്. അബിത കുജലാംബാൾ, വി. സന്ധ്യ എന്നിവർ സംസാരിച്ചു. ഓൺലൈനായായിരുന്നു പരിപാടി.

237. News in Mathrubhumi, Palakkad, 12.11.2020, Inauguration of Botany Association of Avinashilingam University, Coimbatore.